# ഡയറ്റ് പാലക്കാട്

## ഇന്റബെൽ

## എസ് എസ് എൽ സി വാർഷികമൂല്യനിർണ്ണയം 2021-22 ( സെറ്റ് 2 )

### മലയാളം - അടിസ്ഥാനപാഠാവലി

**സമയം: 90 മിനിറ്റ്** **സ്കോർ: 40**

---

നിർദ്ദേശങ്ങൾ

20 മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.

ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരമെഴുതുക

ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം

1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുക പരമാവധി 40 സ്കോർ ആയിരിക്കും

### ഭാഗം 1 എ

ഒന്നുമുതൽ ആറുവരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക

**(1 സ്കോർ വീതം) 1 X 4 = 4**

1 അമ്മത്തൊട്ടിൽ എന്ന കവിതയുടെ പ്രധാനപ്രമേയമായി വരുന്നതെന്ത്?

a. തെരുവുജീവിതം

b. അവഗണിക്കപ്പെടുന്ന വാർദ്ധക്യം

c. അനാഥ ബാല്യം

d. ദാരിദ്ര്യം

2. "ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല. ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന് " - ഓരോ വിളിയും കാത്ത് എന്നതിലെ ഈ സംഭാഷണം ആരുടേതാണ് ?

a . അമ്മ

b. മകൻ

c. കണാരൻ

d.പൈക്കച്ചവടക്കാരൻ

3.കോഴിയും കിഴവിയും എന്ന കഥയിലെ മത്തായിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ല് ഏത് ?

a.പാല് കൊടുത്ത കൈക്ക് കടിക്കുക

b. ഉത്സാഹമുണ്ടെങ്കിൽ അത്താഴമുണ്ണാം

c.കാര്യം കാണാൻ കഴുതക്കാലും പിടിക്കുക

d.അഴകുള്ള ചക്കയിൽ ചുളയില്ല.

4. "വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ച വൃക്ഷമായത് മാവു തന്നെയാണ്. " - ഈ വാക്യത്തിൽ സൂചിപ്പിക്കുന്ന പ്രധാനാശയം താഴെ പറയുന്നവയിൽ ഏതാണ് ?

a.മാവ് ഒരു വൃക്ഷമാണ്

b.വൃക്ഷങ്ങൾ പലതുണ്ട്.

c.മാവ് മഹത്വമുള്ള വൃക്ഷമാണ്

d.ഏറ്റവും വലിയ വൃക്ഷം മാവാണ്

5. "അവളു മറ്റുള്ളോരെ തീറ്റുകാ എന്നിട്ട് അവൾ ഉണങ്ങുകേം ..... ഏന് ചീത്തപ്പേരുണ്ടാക്കരു തെന്ന് എന്നും പറയും " -കോരന്റെഈ സംഭാഷണത്തിൽ നിന്നും തെളിയുന്ന തെന്ത്?

a . ചിരുതയെ കാരണമില്ലാതെ കുറ്റപ്പെടുത്തുന്നു

b.ചിരുത മറ്റുള്ളവരെ തീറ്റുന്നത് കോരന് ദേഷ്യമാണ്

c.സ്വന്തം വിശപ്പ് മാറ്റിവെച്ച് മറ്റുള്ളവരെതീറ്റുന്ന ചിരുത യോടുള്ള സ്നേഹം

d.ചിരുത മെലിഞ്ഞതാണെന്ന് കളിയാക്കുന്നു

6.വെള്ളിത്താലം എന്നത് വിഗ്രഹിച്ചാൽ

a.വെള്ളി കൊണ്ടുണ്ടാക്കിയ താലം

b.വെള്ളിയൊന്നിച്ചുള്ള താലം

c.വെള്ളി നിറച്ച താലം

d.വെള്ളിയും താലവും

## ഭാഗം 1 ബി

**7** മുതൽ **9** വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക . **1 സ്കോർ** വീതം **(1 x3=3)**

7. "പോയ കാലത്തിൻ മധുരങ്ങളിൽ കൊതിയൂറുന്ന ശീലം മറന്നുതുടങ്ങി ഞാൻ "
പോയ കാലത്തിൻ്റെ മധുരങ്ങൾ നഷ്ടപ്പെട്ടു തുടങ്ങിയത് എന്നാവാം?

a.വാർധക്യം ബാധിച്ചപ്പോൾ

b. ആധുനികതയെ സ്വീകരിക്കേണ്ടി വന്നപ്പോൾ

c.മറവി ബാധിച്ചപ്പോൾ

d.അന്യദേശത്ത് താമസിച്ചപ്പോൾ

8. "സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചു മാറ്റുന്നത് പോലെ അയാൾക്ക് തോന്നി " - ചാക്കുണ്ണിയുടെഈ മാനസികാവസ്ഥയ്ക്ക് കാരണം ?

a .കുഞ്ഞിന് അസുഖം വന്നതുകൊണ്ട്

b.റേഡിയോ പണയം വെച്ചതുകൊണ്ട്

c.അളവ് തെറ്റി കുപ്പായം തുന്നിയതുകൊണ്ട്

d.ചാക്കുണ്ണിക്ക് പണം കിട്ടാത്തതുകൊണ്ട്

9. "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" ശ്രീനാരായണഗുരുവിന്റെ ഈ സന്ദേശത്തിൽ ഊന്നൽ നൽകിയ ആശയമെന്ത്?

a.മതങ്ങളാണ് വേണ്ടത്

b. മനുഷ്യ നന്മയാണ് വേണ്ടത്

c.മതങ്ങൾ ഒരുപാടുണ്ട്.

d.മനുഷ്യൻ മതചിന്ത പുലർത്തണം

## ഭാഗം **2** എ

താഴെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരം രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുക **.**

**2 സ്കോർ ( 2 x 1 = 2 )**

10. "ഒരു കയ്യാല കൊണ്ട് വേർതിരിക്കപ്പെട്ട രണ്ട് പറമ്പ് . .കുറേക്കാലം മുമ്പ് രണ്ടും ഒന്നായിരുന്നു "-

(കോഴിയും കിഴവിയും )

-ഈ വരികൾ തരുന്ന അർത്ഥസൂചന കണ്ടെത്തി എഴുതുക?

## ഭാഗം **2** ബി

**11,12** ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക

**2 സ്കോർ (2 x 1 = 2)**

11.സാർവ്വലൗകികത്വം ശ്രീനാരായണഉപദേശങ്ങളുടെ ഒരു പ്രത്യേകതയാണ്.- കുറ്റിപ്പുഴ കൃഷ്ണപ്പിള്ള ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളുടെ മറ്റ രണ്ടു സവിശേഷതകൾ എഴുതുക?

12. "ഈ റേഡിയോം പാട്ടുംക്കെ ഇനിക്കത്ര പിട്ത്തല്ല്യാ. മനുഷ്യരെ മെനക്കെട്ത്താൻ ഓരോ ഏർപ്പാടോള് ! ആ നേരം വല്ല പണിം എടുത്താല് നാല് കാശ്ണ്ടാക്കാം "

(പണയം)

ചെമ്പു മത്തായിയുടെ സ്വഭാവത്തെക്കുറിച്ച് ഈ വരികളിൽ നിന്ന് മനസ്സിലാവുന്നത്എന്താണ് ?രണ്ടു വാക്യത്തിൽ എഴുതുക.

## ഭാഗം **3.** എ

**13** മുതൽ **16** വരെ യുള്ള ചോദ്യങ്ങളിൽഏതെങ്കിലും **3** ചോദ്യങ്ങൾക്ക് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരം എഴുതുക

**3 സ്കോർ** വീതം **( 3x3 =9)**

13. "തിരികൾതെറുത്തുകൊളുത്താനുറ്റ
മുഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങിയ കരവിരലോടെ,
ദീപക്കുറ്റികൾ നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ "

(ഓണമുറ്റത്ത്).

- മാവേലിത്തമ്പുരാനെ വരവേൽക്കാൻ മുക്കുറ്റികൾ നിൽക്കുന്നത് കവി വർണിച്ചിരിക്കുന്നതെങ്ങനെ.കുറിപ്പെഴുതുക?

14. "'അങ്ങനെ പല പല മാവുകൾ അവരുടെ പ്രത്യേക സ്വാദുകളുമായി ഓടി എത്തുന്നു. "

"മാങ്ങ പഴുത്തു കഴിയുമ്പോൾ ആണല്ലോ രസം അതിൻ്റെ രസം പരമോച്ച നില പ്രാപിക്കുന്നത് . കയ്യിൽ വച്ചൊന്ന് കശക്കി ഊറിക്കുടിച്ചാലുള്ള അമൃത രസത്തിന് മീതെ മറ്റൊന്നില്ല "

(കൊച്ചു ചക്കരച്ചി)

-ഇത്തരത്തിലുള്ള ജീവിതാനുഭവങ്ങൾ പുതിയ തലമുറയ്ക്ക് അന്യമാവുന്നുണ്ടോ ?
നിങ്ങളുടെ അഭിപ്രായം മൂന്നോ നാലോ വാചകങ്ങളിൽ എഴുതുക?

15.ഈ വയ്യാവേലി യിൽ നിന്ന് തല വലിക്കാൻ മത്തായി കുറേ പാടുപെടേണ്ടിവന്നു.

( കോഴിയും കിഴവിയും )

മത്തായി തലയിൽ വലിച്ചു കയറ്റിയ വയ്യാവേലി എന്തായിരുന്നു?
കഥാസന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

16. "രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?"

(പ്ലാവിലക്കഞ്ഞി)

ജീവിതദുരിതങ്ങൾ അനുഭവിച്ചിരുന്ന കർഷകത്തൊഴിലാളികളുടെ പ്രതിഷേധമാണോ കോരൻ്റെ ഈ ചിന്തകളിൽ തെളിയുന്നത് ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ഭാഗം 3 ബി

താഴെ നൽകിയിരിക്കുന്ന ചോദ്യത്തിന് നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരം എഴുതുക

**3 സ്കോർ (3 x1 = 3)**

17. "നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ
ബിംബമീ യാതിഥ്യശാലയിൽ ശോഭനം "

( അമ്മയുടെ എഴുത്തുകൾ)

ഈ വരികളിലൂടെ കവി എന്തെല്ലാമാണ് അർത്ഥമാക്കുന്നത് ? കുറിപ്പു തയ്യാറാക്കുക

## ഭാഗം **4** എ

**18** മുതൽ **20** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരംഎഴുതുക

**4 സ്കോർ (4x 2 = 8)**

18. "പണ്ടു പനിച്ചതും അമ്മ യെടുത്തുകൊ
ണ്ടപ്പടിയോരോന്നു കേറിക്കിതച്ചതും " ,.....
"ഉച്ചയാവോള മമ്മയാ ചുറ്റുമതിലിൽ പുറത്തന്നു നിന്നതും ....."

(അമ്മത്തൊട്ടിൽ)

-മകൻ തന്റെ ജീവിതത്തിലേക്ക് നടത്തുന്ന ഒരു തിരിഞ്ഞുനോട്ടമാണ് അമ്മത്തൊട്ടിൽ എന്ന കവിത. -ഈ നിരീക്ഷണം പരിശോധിച്ച് സ്വന്തം അഭിപ്രായം ഉൾപ്പെടുത്തി കുറിപ്പ്എഴുതുക?

19. "പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ പഴമോടരിയും പപ്പടവും ത -
ന്നാവതുവേഗമയയ്ക്കാൻ നോക്കാം "

(ഓണമുറ്റത്ത്)

ഓണത്തെക്കുറിച്ചുള്ള പുതുതലമുറയുടെ സമീപനങ്ങൾ എങ്ങനെയാണ് കവി അവതരിപ്പിച്ചിരിക്കുന്നത് ? വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക?

20 . "പൊരുളില്ലാത്ത സംസാരമെന്ന് ആദ്യം തോന്നാം. പക്ഷേ ചെന്നു നോക്കുമ്പോൾ അറിയാം ,മനസ്സിന്റെ ക്ലാവു പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന്... "
ഓരോ വിളിയും കാത്ത് എന്ന കഥ അച്ഛൻ എന്ന കഥാപാത്രത്തെക്കുറിച്ചുള്ള സമ്പന്നമായ ഓർമകളാണ്. -
അച്ഛന്റെ സ്വഭാവസവിശേഷതകൾ ഉൾപ്പെടുത്തി ഒരു കഥാപാത്രനിരൂപണം തയ്യാറാക്കുക

## ഭാഗം **4** ബി

**21 , 22** ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക

**4 സ്കോർ (4 x 1 = 4)**

21. "പത്രങ്ങളെ എതിർക്കേണ്ടി വന്നാൽ ആ എതിർപ്പിനു പോലും പ്രചാരം വേണമെങ്കിൽ പത്രത്തെ തന്നെ ആശ്രയിക്കേണ്ടിവരും "

(പത്രനീതി)

,നവമാധ്യമങ്ങൾ ഏറെ പ്രചാരം നേടിയ ഈ പുതിയ കാലഘട്ടത്തിൽ
സുകുമാർഅഴീക്കോടിന്റെ ഈ നിരീക്ഷണത്തിൻ്റെ പ്രസക്തി വിലയിരുത്തി കുറിപ്പെഴുതുക?

22. "തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു .ചക്രം ചവിട്ടുമ്പോഴും ഉയർന്നുതാഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായൊരു പാട്ടിനുവേണ്ടി കാതോർത്തു. "

., "എൻറെ കണക്കൊക്കെ തെറ്റിലോ മത്തായി മൂപ്പരേ ... "

(പണയം )

ഈ വാക്യങ്ങളിൽ തെളിയുന്ന ചാക്കുണ്ണിയുടെ മാനസികാവസ്ഥ

പരിഗണിച്ച് കഥാപാത്രത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

## ഭാഗം 5

താഴെ നൽകിയിരിക്കുന്ന ചോദ്യങ്ങളിൽ ഒന്നിനുമാത്രം ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

**5 സ്കോർ** വീതം **(5 x 1 = 5 )**

23.'വ്യക്തിബന്ധങ്ങളുടെയും കുടുംബബന്ധങ്ങളുടെയും ഇഴയടുപ്പവും പവിത്രതയുമാണ് സാമൂഹിക ബന്ധങ്ങളെ ദൃഢമാക്കുന്ന ജീവിതം പടർത്തുന്ന വേരുകൾ . '

ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പ്ലാവിലക്കഞ്ഞി, ഓരോ വിളിയും കാത്ത്, അമ്മത്തൊട്ടിൽ എന്നീ പാഠങ്ങളുടെ ആശയത്തെ വിലയിരുത്തി ലഘു ഉപന്യാസം തയ്യാറാക്കുക

24. "നീളും മലയുടെചങ്ങലവട്ട യിൽ നാളം പാടല വിരൽ നീട്ടിയു-
മോമൽക്കവിളു തുടുത്തുംതെല്ലൊരു നാണത്തോടെ പരുങ്ങിയൊരുങ്ങിട്ടു
മോണക്കോടിയുടുത്തൊരുഷസ്സേ"

(ഓണമുറ്റത്ത് - വൈലോപ്പിള്ളി )

"പറന്നു പോയ് പഞ്ചവർണ
ക്കിളിക്കൂട്ടങ്ങൾ പോലവേ
കുന്നിൻ, ചെരുവിലോണപ്പൂ
ക്കുമ്പിളേന്തിയ സന്ധ്യകൾ "

(പി കുഞ്ഞിരാമൻ നായർ - സൗന്ദര്യപൂജ)

രണ്ടു കാവ്യഭാഗങ്ങളിലും പ്രകൃതിയുടെ വർണന അവതരിപ്പിച്ചിരിക്കുന്നതിന്റെ ഭംഗി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.